**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 553** **23-07-2021 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിൽ മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ മാങ്കാംകുഴി, താമരക്കുളം, പുതിയകാവ് മത്സ്യമാർക്കറ്റുകൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തര ഭരണാനുമതി ലഭ്യമാക്കുമോ; | (എ) | മാവേലിക്കര മണ്ഡലത്തിലെ മാങ്കാംകുഴി, താമരക്കുളം, പുതിയകാവ് എന്നീ മത്സ്യമാർക്കറ്റുകൾ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിനായി അംഗീകാരം നൽകിയിരുന്നു. ഇതിൽ മാങ്കാംകുഴി മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനായി 140.30 ലക്ഷം രൂപയുടെയും താമരക്കുളം മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനായി 193.92 ലക്ഷം രൂപയുടെയും പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പദ്ധതികളുടെ അപ്രൈസൽ കിഫ്ബി തലത്തിൽ നടന്നുവരുന്നു. പ്രസ്തുത പദ്ധതികളുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി കൈക്കൊള്ളുന്നതാണ്. പുതിയകാവ് മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതി നുള്ള DPR തയ്യാറാക്കുന്നതിലനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത മാർക്കറ്റുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | മാവേലിക്കര മണ്ഡലത്തിലെ മാങ്കാംകുഴി, താമരക്കുളം, പുതിയകാവ് എന്നീ മത്സ്യമാർക്കറ്റുകൾ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിനായി അംഗീകാരം നൽകിയിരുന്നു. ഇതിൽ മാങ്കാംകുഴി മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനായി 140.30 ലക്ഷം രൂപയുടെയും താമരക്കുളം മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനായി 193.92 ലക്ഷം രൂപയുടെയും പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പദ്ധതികളുടെ അപ്രൈസൽ കിഫ്ബി തലത്തിൽ നടന്നുവരുന്നു. പ്രസ്തുത പദ്ധതികളുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി കൈക്കൊള്ളുന്നതാണ്. പുതിയകാവ് മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതി നുള്ള DPR തയ്യാറാക്കുന്നതിലനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | മാവേലിക്കര മണ്ഡലത്തിലെ പാലമേൽ ആദിക്കാട്ടുകുളങ്ങര മത്സ്യമാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ചെങ്കിലും നാളിതുവരെയായി പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവേലിക്കര മണ്ഡലത്തിലെ പാലമേൽ ആദിക്കാട്ടുകുളങ്ങര മത്സ്യമാർക്കറ്റിന്റെ നിർമ്മാണം തീരദേശ വികസന കോർപ്പറേഷൻ മുഖേന പൂർത്തീകരിച്ച് 07.01.2019 ൽ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച മത്സ്യമാർക്കറ്റ് കച്ചവടക്കാർക്ക് നൽകുന്നതിനും മാർക്കറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും പഞ്ചായത്തധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത മാർക്കറ്റ് കെട്ടിടത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവേലിക്കര മണ്ഡലത്തിലെ പാലമേൽ ആദിക്കാട്ടുകുളങ്ങര മത്സ്യമാർക്കറ്റിന്റെ നിർമ്മാണം തീരദേശ വികസന കോർപ്പറേഷൻ മുഖേന പൂർത്തീകരിച്ച് 07.01.2019 ൽ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച മത്സ്യമാർക്കറ്റ് കച്ചവടക്കാർക്ക് നൽകുന്നതിനും മാർക്കറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും പഞ്ചായത്തധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ